# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. 547

25/10/2011-ൽ
മറുപടിയ്ക്ക്

<u>പഠന നിലവാരം മെച്ചപ്പെടുത്താൻ നടപടി</u>

ചോദ്യം

<u>മറുപടി</u>

**ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ :**
**ശ്രീ.എൻ.എ.നെല്ലിക്കുന്ന് :**
**ശ്രീ.സി.മമ്മൂട്ടി :**
**ശ്രീ.പി.കെ.ബഷീർ :**

**ശ്രീ.പി.കെ.അബ്ദുറബ്ബ്**
**(ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി)**

എ) ബിരുദ / ബിരുദാനന്തര പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി കോളേജ് അദ്ധ്യാപകർക്ക് നല്കിവരുന്ന പരിശീലന പരിപാടികൾ സംബന്ധിച്ച വിശദവിവരം നല്കാമോ ;

എ) ബിരുദ/ബിരുദാനന്തര നിലവാരം മെച്ചപ്പെടുത്തുന്നതിനായി കോളേജ് അദ്ധ്യാപകർക്ക് നിരവധി പരിശീലന പരിപാടികൾ നടത്തുന്നുണ്ട്. കോളേജ് അദ്ധ്യാപകർക്ക് അഡ്വാൻസ്ഡ് ട്രെയിനിംഗ് നൽകുന്നതിനു വേണ്ടി Stimulating Teachers through Advanced Training (STAT) എന്ന സ്കീം നടത്തി വരുന്നു. ഈ സ്കീം അനുസരിച്ച് അദ്ധ്യാപകർക്ക് ഹ്രസ്വകാല പരിശീലന പദ്ധതികളും, വർക്ക്ഷോപ്പുകളും, റിഫ്രഷർ കോഴ്സുകളും നടത്തുന്നു. ഇന്ത്യയ്ക്കകത്തുള്ള റിസർച്ച് സ്ഥാപനങ്ങളും, സർവ്വകലാശാല വകുപ്പുകളും, അക്കാഡമിക് സ്റ്റാഫ് കോളേജുകളും അന്തർ സർവ്വകലാശാല കേന്ദ്രങ്ങളുമാണ് ഈ പരിപാടി നടത്തുന്നത്.

ബി) അദ്ധ്യാപകരുടെയും, വിദ്യാർത്ഥികളുടെയും ഗവേഷണപരമായ കഴിവുകൾ വികസിപ്പിക്കാനും നിലവാരം ഉയർത്താനും ഉദ്ദേശിച്ച് കഴിഞ്ഞ അഞ്ചുവർഷക്കാലം സ്വീകരിച്ച നടപടികളുടെ സംക്ഷിപ്ത വിവരം നല്കാമോ ;

ബി) ഗവേഷണ വിദ്യാർത്ഥികൾക്കായി 2009-10 സാമ്പത്തിക വർഷം മുതൽ ആസ്പയർ സ്കോളർഷിപ്പ് പദ്ധതി കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ യൂണിവേഴ്സിറ്റികളാൽ നടത്തിവരുന്നു. രാജ്യത്തെ മികച്ച ഫാക്കൽറ്റിയുടെയും സ്ഥാപനത്തിന്റെയും സേവനം പ്രയോജനപ്പെടുത്തുന്നതിനായി, അക്കാദമിക് തലത്തിൽ ഉന്നത നിലവാരം പുലർത്തുന്ന ബിരുദാനന്തര ബിരുദ വിദ്യാർത്ഥി-

കൾക്കും ഗവേഷണ വിദ്യാർത്ഥികൾക്കും ഹ്രസ്വകാല പഠനങ്ങൾ നടത്തുന്നതിനും ഹ്രസ്വകാല പ്രോജക്ടുകൾ ചെയ്യുന്നതിനും അവസരം നൽകാനും ഇന്റേൺഷിപ്പ് രാജ്യത്തെ പ്രമുഖരായ ശാസ്ത്രജ്ഞന്മാരുമായി ചേർന്ന് ചെയ്യുന്നതിനും ആസ്പയർ സ്കോളർഷിപ്പ് വഴി ധനസഹായം നൽകുന്നു. സാമൂഹ്യശാസ്ത്രത്തിലേയും ഭാഷാ വിഷയങ്ങളിലേയും അദ്ധ്യാപകർക്ക് കേരളത്തിനു പുറത്തെ സർവ്വകലാശാലകളിലും സെന്ററുകളിലും ഗവേഷണം നടത്തുവാൻ സാമ്പത്തിക സഹായം കോളേജ് വിദ്യാഭ്യാസ വകുപ്പിൻ കീഴിൽ യൂണിവേഴ്സിറ്റികളാൽ നടത്തി വരുന്നു.

സി) പ്രസ്തുത കാലയളവിൽ ഏതെങ്കിലും പുതിയ കോഴ്സുകൾ ആരംഭിക്കാൻ ശുപാർശ ചെയ്തിട്ടുണ്ടോ ; എങ്കിൽ അതു സംബന്ധിച്ച വിശദ വിവരം, പ്രസ്തുത കോഴ്സുകളുടെ കാലിക പ്രസക്തി സംബന്ധിച്ച വിവരമുൾപ്പെടെ നൽകാമോ ;

സി) 29 സർക്കാർ കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കാൻ ശുപാർശ ലഭിച്ചിട്ടുണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. വിദ്യാർത്ഥി സമൂഹത്തിൽ നിന്നും വർദ്ധിതമായ തോതിൽ ഉയർന്നുവരുന്ന ആവശ്യത്തിന്റേയും സർവ്വകലാശാലകളിൽ നിന്നുള്ള അംഗീകാരത്തിന്റെയും അടിസ്ഥാനത്തിൽ ഉദ്യോഗ സാധ്യതയുള്ളതും അക്കാദമീയമായ വൈപുല്യമുള്ളവയുമാണ് പ്രസ്തുത കോഴ്സുകൾ.

ഡി) ഇവയിൽ ഏതൊക്കെ കോഴ്സുകൾ പുതുതായി ആരംഭിച്ചു എന്നും, ആ കോഴ്സുകളുടെ ബോധനത്തിന് ഏർപ്പെടുത്തിയ സൗകര്യങ്ങൾ എന്തെല്ലാം ആയിരുന്നു എന്നും വ്യക്തമാക്കുമോ ?

ഡി) കെ.കെ.ടി.എം.കോളേജ്, പുല്ലൂറ്റിൽ എം.എ മലയാളം, സി.എം.ഗവൺമെന്റ് മ്യൂസിക് കോളേജ്, പാലക്കാട്-എം.എ വോക്കൽ, പുതുതായി തുടങ്ങിയ അമ്പലപ്പുഴ സർക്കാർ കോളേജിൽ ബി.എ.ഇക്കണോമിക്സ്, ബി.കോം വിത്ത് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, ബി.എസ്.സി ഗണിതശാസ്ത്രം എന്നീ കോഴ്സുകൾ അനുവദിച്ചിട്ടുണ്ട്. ക്ലാസ് റൂമുകളും ലൈബ്രറികളും ആവശ്യമായ സൗകര്യങ്ങളോടെ സജ്ജീകരിക്കുകയും ആവശ്യമായ അദ്ധ്യാപകരെ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നം. | കോളേജിന്റെ പേര് | കോഴ്സിന്റെ പേര് |
|---|---|---|
| 1. | കെ.കെ.ടി.എം. ഗവൺമെന്റ് കോളേജ്, പുല്ലൂട്ട് | എം.എ മലയാളം |
| 2. | സി.എം.ഗവൺമെന്റ് മ്യൂസിക് കോളേജ്, പാലക്കാട് | എം.എ വോക്കൽ |
| 3. | ഗവൺമെന്റ് കോളേജ്, കാസർഗോഡ് | ബി.എ.മലയാളം |
| 4. | ജി.പി.എം.ഗവൺമെന്റ് കോളേജ്, മഞ്ചേശ്വരം | എം.എസ്.സി സ്റ്റാറ്റിസ്റ്റിക്സ് |
| 5. | കെ.എം.എം ഗവൺമെന്റ് വിമൻസ് കോളേജ്, കണ്ണൂർ | എം.എ.ഡെവലപ്മെന്റ് ഇക്കണോമിക്സ് |
| 6. | ഗവൺമെന്റ് കോളേജ്, മലപ്പുറം | എം.എ. അറബിക് |
| 7. | ഗവൺമെന്റ് കോളേജ്, പെരിന്തൽമണ്ണ | എം.എ.ഇംഗ്ലീഷ് |
| 8. | ഗവൺമെന്റ് കോളേജ്, ചാലക്കുടി | എം.എസ്.സി മാത്തമാറ്റിക്സ് |
| 9. | ഗവൺമെന്റ് കോളേജ്, കട്ടപ്പന | എം.കോം |
| 10. | ഗവൺമെന്റ് കോളേജ്, കോടഞ്ചേരി | എം.എസ്.സി ഫിസിക്സ് |
| 11. | ഗവൺമെന്റ് കോളേജ്, മാനന്തവാടി | ബി.എസ്.സി ഫിസിക്സ് |
| 12. | ഇ.കെ.എൻ.എം ഗവൺമെന്റ് കോളേജ്, എളേരിത്തട്ട് | ബി.എസ്.സി ഫിസിക്സ് |
| 13. | ഗവൺമെന്റ് സംസ്കൃത കോളേജ്, പട്ടാമ്പി | ബി.എ ഹിസ്റ്ററി |
| 14. | ഗവൺമെന്റ് കോളേജ്, കൊഴിഞ്ഞാമ്പാറ | ബി.എസ്.സി കമ്പ്യൂട്ടർ സയൻസ് |
| 15. | ഗവൺമെന്റ് കോളേജ്, മൊകേരി | എം.എസ്.സി മാത്തമാറ്റിക്സ് |
| 16. | ഗവൺമെന്റ് കോളേജ്, മടപ്പള്ളി | എം.എസ്.സി ബോട്ടണി / ബി.എ മലയാളം |
| 17. | ജി.കെ.ജി മെമ്മോറിയൽ ഗവൺമെന്റ് കോളേജ്, പേരാമ്പ്ര | ബി.എസ്.സി കെമിസ്ട്രി |
| 18. | ഗവൺമെന്റ് കോളേജ്, കൊയിലാണ്ടി | ബി.എ ഫങ്ഷണൽ ഇംഗ്ലീഷ് |
| 19. | എൻ.എം.എസ്.എം ഗവൺമെന്റ് കോളേജ്, കൽപ്പറ്റ | ബി.എസ്.സി മാത്തമാറ്റിക്സ് |
| 20. | ഗവൺമെന്റ് കോളേജ്, ചിറ്റൂർ | എം.എ മലയാളം |
| 21. | ഗവൺമെന്റ് കോളേജ്, അമ്പലപ്പുഴ | ബി.എ മലയാളം |
| 22. | ഗവൺമെന്റ് കോളേജ്, ചവറ | എം.എസ്.സി സുവോളജി, ബി.എ സോഷ്യോളജി |
| 23. | ഗവൺമെന്റ് കോളേജ്, ആറ്റിങ്ങൽ | എം.എസ്.സി പോളിമർ കെമിസ്ട്രി |
| 24. | ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ്, കോഴിക്കോട് | എം.എ.മലയാളം |
| 25. | മഹാരാജാസ് കോളേജ്, എറണാകുളം | എം.എ മ്യൂസിക് |
| 26. | ഗവൺമെന്റ് വിക്ടോറിയ കോളേജ്, പാലക്കാട് | എം.എ മലയാളം |
| 27. | ഗവൺമെന്റ് ബ്രണ്ണൻ കോളേജ്, തലശ്ശേരി | എം.എസ്.സി കെമിസ്ട്രി |
| 28. | യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം | ബി.എ.സൈക്കോളജി |
| 29. | ഗവൺമെന്റ് കോളേജ്, തിരൂർ | എം.എ.മലയാളം |

Jeothilakshmi